# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 654 — 02.11..2016 - ൽ മറുപടിയ്ക്ക്

### കയർ വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| എ) കേരളത്തിലെ കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ചകിരിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; | എ)സംസ്ഥാനത്ത് തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് 16.01.2015 - ലെ ജി.ഒ(എം.എസ്) നം.116/2015/വ്യവ പ്രകാരം നിലവിലുണ്ടായിരുന്ന തൊണ്ടു സംഭരണ പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട് 16.1.2010 തീയതിയിലെ സ.ഉ(കൈ) നം.15/2010/വ്യവ സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കി തുടങ്ങിയത്.<br><br>കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുക, പാഴാക്കികളയുന്ന തൊണ്ട് തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളീകേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക, കയർ ഉല്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക, തുടങ്ങിയ ലക്ഷ്യങ്ങളോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>ഈ പദ്ധതി പ്രകാരം തൊണ്ടു സംഭരണത്തിനും ചകിരി ഉല്പാദനത്തിനുമായി താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു. |

**തൊണ്ട് സംഭരണം**

| ക്രമ നം. | തൊണ്ട്സംഭരണം | തുക |
|---|---|---|
| 1 | തൊണ്ട് സംഭരിച്ച് എത്തിക്കുന്നവർക്ക് ഇൻസെന്റീവ് ( 60/80 ഗ്രാമിന് മുകളിൽ ചകിരി ലഭിക്കുന്ന) | |
| | പച്ചത്തൊണ്ടിന് | 25 പൈസ |
| | ഉണക്കത്തൊണ്ടിന് | 15 പൈസ |

60/80 ഗ്രാമിന് താഴെ ചകിരി ലഭിക്കുന്ന തൊണ്ടാണെങ്കിൽ പച്ചത്തൊണ്ട് 20 പൈസ നിരക്കിലും, ഉണക്കത്തൊണ്ട് 10 പൈസ നിരക്കിലും ഇൻസെന്റീവ് ലഭ്യമാക്കുന്നു.

| | | |
|---|---|---|
| 2 | കയർമേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടോ / ഏജൻസികൾ മുഖേനയോ) 5000 തൊണ്ടിന് വാഹന വാടക<br><br>കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും | 250/- രൂപ<br><br>50/- രൂപ വീതം |
| 3. | ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ട് സംഭരിച്ചുനൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് | 160/- രൂപ |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും | 20/ രൂപ വീതം |
| | ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണം | 150/ രൂപ |
| | കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും | 25/ രൂപ വീതം |
| ചകിരി ഉൽപ്പാദനം | | |
| 1 | പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോക്ക് | 3/- രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോക്ക് | 2/- രൂപ സബ്സിഡി |
| മെയിൻറനൻസ് ഗ്രാൻ്റ് | | |
| 1 | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50000/- രൂപ |
| 2 | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10000/- രൂപ |

<u>റിവോൾവിംഗ് ഫണ്ട്</u>

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ടുസംഭരണത്തിനായി പരമാവധി 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്ന രീതിയിൽ പ്രവർത്തനമൂലധനം നൽകി വരുന്നു.

ഈ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ചകിരിവില/കയർവില വിലനിർണ്ണയ കമ്മറ്റിയുടെ 27/11/2015 ലെ യോഗത്തിൽ നിലവിലുള്ള കയറിന്റെ കമ്പോളവില കണക്കാക്കി പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിയ്ക്ക് കിലോക്ക് 17/- രൂപ നിരക്കിലും ഉണക്കത്തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോക്ക് 14/

| | |
|---|---|
| | രൂപ നിരക്കിലും നിശ്ചയിച്ചു നൽകിയിട്ടുണ്ട്.<br><br>യന്ത്രസഹായത്തോടുകൂടി തൊണ്ട് തല്ലി ചകിരി ഉല്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ തുടങ്ങുക, നിലവിലുള്ള ചകിരി ഉല്പ്പാദന യൂണിറ്റുകൾ നവീകരിക്കുക, ചകിരിച്ചോറ് അസംസ്കൃത വസ്തുവായിട്ടുള്ള ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുക, കയർ വ്യവസായ സഹകരണ സംഘങ്ങൾ, കുടുംബശ്രീ സമാന യൂണിറ്റുകൾ, സ്വകാര്യ കയർ വ്യവസായ യൂണിറ്റുകൾ, എന്നിവരെയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നാളികേര സംഭരണവുമായി ബന്ധപ്പെട്ട് തൊണ്ട് ശേഖരണം ഏകോപിക്കാനും നടപടി എടുത്തുവരുന്നു. സംഭരിക്കുന്ന തേങ്ങയുടെ തൊണ്ട് മുഴുവൻ ഡീഫൈബറിംഗിന് ലഭ്യമാക്കാനാണ് ഉദ്ദേശം. പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |
| ബി) തമിഴ് നാട്ടിൽ നിന്നുള്ള യന്ത്രപ്പിരിക്കയറിന്റെ വരവ് മൂലം പ്രതിസന്ധിയിലായ കേരളത്തിലെ പരമ്പരാഗത കയറിനങ്ങൾ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) പച്ചത്തൊണ്ട് ചകിരിയാക്കുന്നതിനുള്ള ഡിഎഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നല്കുക വഴി ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി കയർ വ്യവസായ രംഗത്ത് യന്ത്രവൽക്കരണവും, ആധുനികവൽക്കരണവും നടപ്പിലാക്കി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. കയർ ഇനങ്ങൾ കയർഫെഡ് വഴി പൂർണ്ണമായും സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് ഉല്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്യുക വഴി പരമ്പരാഗത കയറിനങ്ങൾക്ക് വിപണി കണ്ടെത്തി പുനരുദ്ധരിക്കുന്നതിന് കഴിയും. |

സെക്ഷൻ ഓഫീസർ